## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

5.11.2019 -ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2563

### വിദേശ ടൂറിസ്റ്റുകളുടെ എണ്ണം

| ചോദ്യം<br>ശ്രീ.എൻ. വിജയൻ പിള്ള : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | സംസ്ഥാനത്ത് മുൻവർഷങ്ങളെ അപേക്ഷിച്ച് വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധന ഉണ്ടായിട്ടുണ്ടോ; | എ) | 2019 സെപ്റ്റംബർ മാസം വരെയുള്ള സ്ഥിതിവിവര കണക്കുകളാണ് വകുപ്പ് അന്തിമമാക്കിയിട്ടുള്ളത്. പ്രസ്തുത കണക്കുകൾ 2018 -ലെ ഇതേ കാലയളവിലെ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധന ഉണ്ടായിട്ടുണ്ട്. |
| ബി) | സംസ്ഥാനത്ത് ഏത് ജില്ലയിലാണ് ഏറ്റവും കൂടുതൽ വിദേശ സഞ്ചാരികൾ എത്തിയതെന്നും കുറവ് ഏതൊക്കെ ജില്ലകളിലാണെന്നും വ്യക്തമാക്കുമോ? | ബി) | 2019 സെപ്റ്റംബർ മാസം വരെയുള്ള സ്ഥിതിവിവര കണക്കുകൾ പ്രകാരം ഏറ്റവും കൂടുതൽ വിദേശ ടൂറിസ്റ്റുകൾ എത്തിയ ജില്ല എറണാകുളവും ഏറ്റവും കുറവ് വിദേശ ടൂറിസ്റ്റുകൾ എത്തിയ ജില്ല പത്തനംതിട്ടയുമാണ് |

സെക്ഷൻ ഓഫീസർ